Item Code: 639 Participant Code: 110

സ്മൃതിപഥം

തളിരാർന്നു നിൽക്കുന്ന തരുനിരകൾ, താഴെ-
യമൃതമായൊഴുകുന്ന കൊച്ചരുവി
ഓർമ്മതൻ വാതിൽ തുറന്നിടുന്നു, നല്ലഓർമ്മ
മലരുകൾ തന്റെ സൗരഭ്യമെങ്ങും.

വാതിലിനപ്പുറം ഭൂതകാലത്തിന്റെ
പാതനീളുന്നു, അനന്തമായി
അവിടെ, മറവിതൻ കൈകളിൽ മാഞ്ഞതും
പകലെന്നപോലെ തെളിഞ്ഞു നില്പൂ

ആ പാതയോരത്ത് സൗഖ്യവും ദുഃഖവും
നോക്കിച്ചിരിക്കുന്നതെന്നെയല്ലോ
അവിടെയാ വക്കിലായ് നിൽക്കുന്നതോ
എന്റെ സ്മൃതിയുടെ മഹാശാഖി തന്നെയല്ലോ

→

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്
Kerala School Kalolsavam Kozhikode, Jan. 3 to 7

Item Code: 639 Participant Code: 110

കയ്ക്കുന്ന നെല്ലിക്കപോലെ സ്മൃതിയുടെ
തരുവിലുണ്ടല്ലോ ഫലങ്ങളേറെ
കാലമാം സലിലം പുണർന്ന നേരം
മധുരമോലും ഫലങ്ങളായ് മാറിയല്ലോ
പഴയോരനുഗ്രഹാശിസ്സുകളും, പണ്ടു
മനസ്സിൽ നിറഞ്ഞൊരാ സ്വപ്നങ്ങളും
ഒഴുകിനിറയുന്നിതാ, ഓർമ്മതൻ പുഴയിലായ്
ലോലകല്ലോലങ്ങളെന്നപോലെ

അച്ഛന്റെ താരാട്ടുമമ്മതൻ വാത്സല്യ-
ത്താളവും മനസ്സിൽ തുടിച്ചിടുന്ന
നിൽക്കാതെയോടുന്ന കാലവും ഓർമ്മതൻ
വീഥിയിൽ പതിയെ നടക്കയാണോ?
ഞാനെന്നുമെന്നും നടക്കുവാൻ മോഹിച്ച
പാതകളുണ്ട്, പലതുമേറെ
വിദ്യാലയത്തിന്റെ അങ്കണത്തെത്തുന്ന
ചെറിയോരിടവഴിയെന്നപോലെ

→

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ഏറെത്തിരക്കാർന്ന ജീവിതയാത്രതൻ
തപ്തപഥത്തിൽ കിതയ്ക്കുമ്പോഴും,
മനസ്സിന്റെ മുന്നിലൊരു ശീതള സാന്ത്വനം
പകരുന്ന സ്മൃതിയുടെ കൈകൾ വീണ്ടും

തരളമാകുന്നു, തളിർക്കുന്നിതാ, എന്റെ
തളരാൻ തുടങ്ങിയ മനസ്സു വീണ്ടും
ഉണരുന്നു, ദീപ്തമായൊഴുകുന്നിതാ, സുഖം
നിറയുന്നൊരോർമ്മകൾ മനസ്സിലെങ്ങും
വിശ്വൈക മോഹനരൂപിണി പ്രകൃതിയും
അവിടെയെൻ കൈപിടിച്ചെത്തിടുന്നു
സ്മൃതിയുടെ മുത്തുകൾ പലതും പെറുക്കി ഞാൻ
കൗതുകത്തോടൊന്നു നോക്കിടുന്നു

ഓർമ്മതൻ മധുരമാമീ പാതയൊരുക്കിയോ
ആരു ആശ്വാസ ദീപങ്ങൾ നീട്ടിടുന്നു!
ആ ദീപ്ത ദീപങ്ങൾ വഴി തെളിച്ചീടട്ടെ
സഫലമായ് തീരട്ടെ ജീവകാവ്യം!